2025JANUARY
22
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സെൻസെക്സ് 1,235 പോയിന്റ് ഇടിഞ്ഞു; നഷ്ടം 7.52 ലക്ഷം കോടി



**മുംബൈ:** യുഎസ് പ്രസിഡന്റ് ആയി ഡോണൾഡ് ട്രംപ് സ്ഥാനമേറ്റശേഷമുള്ള ആദ്യ വ്യാപാരദിനത്തിൽ കണ്ണീരണിഞ്ഞ് ഇന്ത്യൻ ഓഹരി വിപണി. സെൻസെക്സും നിഫ്റ്റിയും 7മാസത്തെ താഴ്ചയിലേക്ക് നിലംപൊത്തി. കോർപ്പറേറ്റ് കമ്പനികളുടെ മോശം ഡിസംബർ പാദ പ്രവർത്തനഫലങ്ങളും വിദേശ നിക്ഷേപകരുടെ കൂട്ടപ്പിന്മാറ്റവും കൂടിയായതോടെ ഓഹരികളിൽ വിൽപനസമ്മർദം കനത്തു. സെൻസെക്സ് ഇന്നൊരുവേള 1,431 പോയിന്റാണ് ഇടിഞ്ഞത്. വ്യാപാരം അവസാനിപ്പിച്ചത് 1,234.08 പോയിന്റ് (1.60%) നഷ്ടവുമായി 75,838.36ൽ.

സെൻസെക്സും നിഫ്റ്റിയും ഇന്നലെ നേരിയ നേട്ടത്തോടെയാണ് വ്യാപാരം ആരംഭിച്ചത്. വൈകാതെ നഷ്ടത്തിലേക്ക് വീഴുകയും നഷ്ടം കൂട്ടുകയുമായിരുന്നു. 23,421ൽ തുടങ്ങിയ നിഫ്റ്റി 23,426 വരെ ഉയർന്നശേഷം 22,976വരെ താഴ്ന്നു. വ്യാപാരാന്ത്യത്തിലുള്ളത് 320.10 പോയിന്റ് (1.10%) നഷ്ടവുമായി 23,024ൽ. 23,000ന് മുകളിൽ വ്യാപാരം അവസാനിപ്പിച്ചു എന്നതു മാത്രമൊരു ആശ്വാസം.

നിഫ്റ്റി50ൽ 9 കമ്പനികളേ പച്ചതൊട്ടുള്ളൂ. 41 ഓഹരികൾ ഇടിഞ്ഞു; ഒന്നിന്റെ വില മാറിയില്ല. ബിഎസ്ഇയിൽ 4,088 ഓഹരികൾ വ്യാപാരം ചെയ്തതിൽ 1,187 എണ്ണം നേട്ടത്തിലും 2,788 എണ്ണം നഷ്ടത്തിലുമായി. 113 ഓഹരികളുടെ വിലയിൽ മാറ്റമുണ്ടായില്ല. നിക്ഷേപക സമ്പത്തിൽ നിന്ന് ഇന്ന് ഒറ്റദിവസം കൊഴിഞ്ഞത് 7.52 ലക്ഷം കോടി രൂപ. 431.59 ലക്ഷം കോടി രൂപയിൽ നിന്ന് 424.07 ലക്ഷം കോടി രൂപയായാണ് ബിഎസ്ഇയിലെ ലിസ്റ്റഡ് കമ്പനികളുടെ സംയോജിത വിപണിമൂല്യം കുറഞ്ഞത്.

നിഫ്റ്റി50ൽ ടാറ്റാ ഗ്രൂപ്പിന് കീഴിലെ ട്രെന്റ് 6% ഇടിഞ്ഞ് നഷ്ടത്തിൽ ഒന്നാമതായി. 2024ൽ 133% മുന്നേറി നിഫ്റ്റി50ലെ ബെസ്റ്റ് പെർഫോർമർ ആയിരുന്ന ട്രെന്റ്, പുതുവർഷത്തിൽ ഇതുവരെ 17% ഇടിഞ്ഞ് ഏറ്റവും മോശം പെർഫോർമറുമായി.

## 2020 മാർച്ച് 28ന് 550 രൂപ, 30ന് 1550 രൂപ; പിപിഇ കിറ്റ് വാങ്ങിയതിൽ 10.23 കോടിയുടെ അധികബാധ്യത: സിഎജി റിപ്പോർട്ട്

**തിരുവനന്തപുരം:** കോവിഡ് സമയത്തു പിപിഇ കിറ്റ് വാങ്ങിയതിൽ ക്രമക്കേടെന്ന് സിഎജി. പൊതുവിപണിയെക്കാൾ 300 ശതമാനം ഉയർന്ന നിരക്ക് നൽകിയാണ് പിപിഇ കിറ്റ് വാങ്ങിയതെന്നു സിഎജി റിപ്പോർട്ടിൽ പറയുന്നു. ഇതിലൂടെ 10.23 കോടി രൂപയുടെ അധിക ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടായത്. അന്ന് കെകെ ഷൈലജയായിരുന്നു ആരോഗ്യമന്ത്രി.

2020 മാർച്ച് 28ന് 550 രൂപയ്ക്ക് വാങ്ങിയ പിപിഇ കിറ്റ് മാർച്ച് 30ന് മറ്റൊരു കമ്പനിയിൽനിന്നു 1550 രൂപയ്ക്കാണ് വാങ്ങിയതെന്നും ചൂണ്ടിക്കാട്ടുന്നു. രണ്ടു ദിവസത്തിനുള്ളിൽ പിപിഇ കിറ്റിന്റെ വില ആയിരം രൂപ കൂടി. കുറഞ്ഞ വിലയ്ക്ക് പിപിഇ കിറ്റ് വാഗ്ദാനം ചെയ്ത കമ്പനിയെ തഴഞ്ഞു. സാൻ ഫാർമ എന്ന കമ്പനിക്ക് മുൻകൂറായി മുഴുവൻ പണവും നൽകിയെന്നും സിഎജി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## മാറ്റമില്ലാതെ സ്വർണവില; 59,500ന് മുകളിൽ തന്നെ


**കൊച്ചി:** സംസ്ഥാനത്തെ സ്വർണവിലയിൽ ഇന്നലെ മാറ്റമില്ല. ഒരു പവൻ സ്വർണത്തിന് 59,600 രൂപയും ഗ്രാമിന് 7450 രൂപയുമാണ് ഇന്നത്തെ (21/01/2025) നിരക്ക്. ഈ മാസത്തിന്റെ തുടക്കത്തിൽ 57,200 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിൻറെ വില. പിന്നീട് ഏറിയും കുറഞ്ഞു ജനുവരി 17ന് ഈ മാസത്തെ ഏറ്റവും ഉടർന്ന നിരക്കായ 59,600 രൂപയിലേത്തി. എന്നാൽ 60,000 തെടുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന നിരക്കാണ് കുറഞ്ഞും മാറ്റമില്ലാതെയും തുടരുന്നത്.

രാജ്യാന്തര വിപണിയിലെ മാറ്റങ്ങളും ഡോളർ ദുർബലമായതും അടക്കമുള്ള ഘടകങ്ങളാണ് സ്വർണവിലയെ സ്വാധീനിച്ചത്. വെള്ളിയുടെ വിലയിലും മാറ്റമില്ല. ഗ്രാമിന് 99 രൂപയിലാണ് വ്യാപാരം പുരോഗമിച്ചത്.

## സൗത്ത് ഇന്ത്യൻ ബാങ്കിന് 342 കോടി രൂപയുടെ റെക്കോഡ് അറ്റാദായം

**കൊച്ചി:** സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് മികച്ച അറ്റാദായം. 11.96 ശതമാനം വാർഷിക വളർച്ചയോടെ 341.87 കോടി രൂപയാണ് ബാങ്ക് നേടിയ ലാഭം. മുൻ വർഷം ഇതേ കാലയളവിൽ 305.36 കോടി രൂപയായിരുന്നു.

ബാങ്കിന്റെ പ്രവർത്തന ലാഭം മുൻ വർഷത്തെ 483.45 കോടി രൂപയിൽ നിന്ന് 528.84 കോടി രൂപയായും വർധിച്ചു. 9.39 ശതമാനമാണ് വാർഷിക വളർച്ച.മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻ വർഷത്തെ 4.74 ശതമാനത്തിൽ നിന്നും 44 പോയിന്റുകൾ കുറച്ച് 4.30 ശതമാനമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 36 പോയിന്റുകൾ കുറച്ച് 1.61 ശതമാനത്തിൽ നിന്നും 1.25 ശതമാനമാനത്തിലെത്തിക്കാനും ബാങ്കിനു കഴിഞ്ഞു. ആസ്തികളിന്മേലുള്ള വരുമാനം 1.07 ശതമാനത്തിൽ നിന്നും 1.12 ശതമാനമായും വർധിച്ചു. അറ്റ പലിശ വരുമാനം 6.13 ശതമാനം വാർഷിക വളർച്ചയോടെ 869.26 കോടി രൂപയിലെത്തി.എഴുതിത്തള്ളൽ ഉൾപ്പെടുത്തിയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 310 പോയിന്റുകൾ വർധിച്ച് 81.07 ശതമാനമായി. എഴുതിത്തള്ളലിനു പുറമെയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 465 പോയിന്റുകൾ വർധിച്ച് 71.73 ശതമാനവുമായി.റീട്ടെയ്ൽ നിക്ഷേപങ്ങൾ 7.71 ശതമാനം വളർച്ചയോടെ 1,02,420 കോടി രൂപയിലെത്തി. പ്രവാസി (എൻ.ആർ.ഐ) നിക്ഷേപം 6.49 ശതമാനം വർധിച്ച് 31,132 കോടി രൂപയിലെത്തി. മുൻ വർഷം ഈ കാലയളവിൽ 29,236 കോടി രൂപയായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) നിക്ഷേപം 4.13 ശതമാനം വർധിച്ചു. സേവിങ്സ് ബാങ്ക് നിക്ഷേപത്തിൽ 3.37 ശതമാനവും കറന്റ് അക്കൌണ്ട് നിക്ഷേപത്തിൽ 7.73 ശതമാനവുമാണ് വർധനവെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി. ആർ. ശേഷാദ്രി പറഞ്ഞു. വായ്പാ വിതരണത്തിൽ 11.95 ശതമാനം വളർച്ച കൈവരിച്ചു. 77,686 കോടി രൂപയിൽ നിന്നും 86,966 കോടി രൂപയിലെത്തി. കോർപറേറ്റ് വായ്പകൾ 16.94 ശതമാനം വാർഷിക വർധനയോടെ 29,892 കോടി രൂപയിൽ നിന്നും 34,956 കോടി രൂപയിലെത്തി. വലിയ കോർപ്പറേറ്റ് വിഭാഗത്തിൽ 99.6 ശതമാനവും ഉയർന്ന റേറ്റിങ് (എ അല്ലെങ്കിൽ അതിനു മുകളിൽ) ഉള്ള അക്കൗണ്ടുകളാണ്.





ഓട്ടോമൊബൈൽ രംഗത്തെ മാതൃകാപരമായ സംഭാവനകൾ പരിഗണിച്ച് ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ( എഫ്എഡിഎ) നൽകിയ അവാർഡ് കുറ്റൂക്കാരൻ ഗ്രൂപ്പ് ഡയറക്ടർ ജോൺ കെ പോൾ ന്യൂ ഡൽഹിയിൽ നടന്ന ഓട്ടോ സമ്മിറ്റിൽ കേന്ദ്ര വ്യവസായ മന്ത്രി എച്ച്.ഡി കുമാരസ്വാമിയിൽ നിന്നും ഏറ്റുവാങ്ങുന്നു

# ജോൺ കെ. പോളിന് എഫ്എഡിഎയുടെ ആദരം

**കൊച്ചി**: ഓട്ടോമൊബൈൽ രംഗത്തെ മാതൃകാപരമായ സംഭാവനകൾ പരിഗണിച്ച് കുറ്റൂക്കാരൻ ഗ്രൂപ്പ് ഡയറക്ടർ ജോൺ കെ പോളിനെ ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ( എഫ്എഡിഎ) അവാർഡ് നൽകി ആദരിച്ചു. ന്യൂഡൽഹിയിൽ നടന്ന 133മത് ഓട്ടോ സമ്മിറ്റിലാണ് അസോസിയേഷൻ ജോൺ കെ. പോളിനെ ആദരിച്ചത്. കേന്ദ്ര വ്യവസായ വകുപ്പ് മന്ത്രി എച്ച്.ഡി കുമാര സ്വാമിയിൽ നിന്നും ജോൺ കെ. പോൾ അവാർഡ് ഏറ്റുവാങ്ങി. ഓട്ടോമൊബൈൽ റീട്ടെയിൽ ഇൻഡസ്ട്രിയുടെ ദേശീയ അപ്പെക്സ് ബോഡിയായി കഴിഞ്ഞ 60 വർഷമായി പ്രവർത്തിച്ചുവരുന്ന എഫ്എഡിഎയുടെ മുൻ പ്രസിഡന്റു കൂടിയാണ് ജോൺ കെ. പോൾ.

# പ്രഥമശുശ്രൂഷാ ബോധവൽക്കരണ പരിപാടി ഇന്ന്

**കൊച്ചി:** സ്കൂളുകളിലൂടെ റോഡ് സുരക്ഷ പ്രോത്സാഹിപ്പിക്കുന്ന സുരക്ഷിത് മാർഗിന്റെ ഭാഗമായി പ്രഥമശുശ്രൂഷ നൽകുന്നവർക്കായി ഇന്ന് (ജനുവരി 22, ബുധൻ) രാവിലെ 9:30 ന് തൃക്കാക്കരയിലെ കൊച്ചിൻ പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ ബോധവൽക്കരണ പരിപാടി നടക്കും. ബസ് ഡ്രൈവർമാർ, ഓട്ടോ ഡ്രൈവർമാർ, ആശാ തൊഴിലാളികൾ, മറ്റ് ഫീൽഡ് പ്രൊഫഷണലുകൾ എന്നിവർക്കായി സംഘടിപ്പിക്കുന്ന പ്രോഗ്രാമിന് അസിസ്റ്റന്റ് പ്രൊഫസർ എ രാകേഷിന്റെ നേതൃത്വത്തിൽ എസ്സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർട്ടേഷനിലെ വിദഗ്ധ സംഘമാണ് നേതൃത്വം നൽകുന്നതെന്ന് സ്കൂൾ പ്രിൻസിപ്പാൾ ജബീന ഇബ്രാഹിം അറിയിച്ചു.

# സ്പോർട്സ് സ്കൂൾ പ്രവേശന സെലക്ഷൻ ട്രയൽസ് 23ന്

**പാലക്കാട്:** സംസ്ഥാന കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സ്പോർട്സ് അക്കാദമികളിലേക്കുമുള്ള സെലക്ഷൻ ട്രയൽസ് ആരംഭിച്ചതായി കായിക വകുപ്പ് അറിയിച്ചു.കായിക വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കൂളുകൾ, സ്പോർട്സ് അക്കാഡമികളിലേക്കുമാണ് സെലക്ഷൻ ട്രയൽസ് നടക്കുന്നത്. 6, 7, 8, പ്ലസ് വൺ ക്ലാസ്സുകളിലേക്ക് നേരിട്ടാകും സെലക്ഷൻ. 9, 10 ക്ലാസ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ ലാറ്ററൽ എൻട്രിയിലൂടെയാണ് പ്രവേശനം.അത്‌ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സെലക്ഷൻ നടത്തും. ഫുട്ബോളിലും തയ്ക്കൊണ്ടോയിലും പെൺകുട്ടികൾക്ക് മാത്രമാകും അവസരം. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തുമെന്നും കായിക വകുപ്പ് അറിയിച്ചു.6, 7 ക്ലാസ്സുകളിലേക്കുള്ള കുട്ടികളെ കായികക്ഷമതയുടെ അടിസ്ഥാനത്തിലാകും തിരഞ്ഞെടുക്കുക. 8, പ്ലസ് വൺ ക്ലാസ്സുകളിലേക്ക് കായിക ക്ഷമതയ്ക്കൊപ്പം അതാത് കായിക ഇനത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ കൂടിയാകും അവസരം ലഭിക്കുക. സംസ്ഥാന തലത്തിൽ മെഡൽ നേടിയവർക്കും തത്തുല്യ പ്രകടനം കാഴ്ചവച്ചവർക്കും മാത്രമേ 9, 10 ക്ലാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രി ട്രയൽസിൽ പങ്കെടുക്കാനാകൂ.ട്രയൽസിൽ മികവ് തെളിയിക്കുന്ന വിദ്യാർഥികൾക്ക് ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന അസസ്മെന്റ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ക്യാമ്പിലെ പ്രകടനത്തിന്റെയും പരീക്ഷകളുടേയും അടിസ്ഥാനത്തിലാകും വിദ്യാർഥികൾക്ക് വിവിധ ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുക.പാലക്കാട് ജില്ലയിലെ സെലക്ഷൻ ട്രയൽസ് ഈ മാസം 23ന് പാലക്കാട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും.

സെലക്ഷനിൽ പങ്കെടുക്കാൻ എത്തുന്ന വിദ്യാർഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആധാർ കാർഡും രണ്ട് പാസ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫും അവർ പങ്കെടുക്കുന്ന കായിക ഇനങ്ങൾക്കുള്ള വേഷങ്ങളുമായി രാവിലെ 9.00 മണിക്ക് ട്രയൽസ് നടക്കുന്ന സ്റ്റേഡിയത്തിൽ എത്തണം. വിദ്യാർഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് മറ്റു ജില്ലകളിലെ സെലക്ഷൻ നടക്കുന്ന ഏത് സ്റ്റേഡിയത്തിൽ വേണമെങ്കിലും എത്താമെന്നും കായിക വകുപ്പ് അറിയിച്ചു.




ഉദ്ധവ് താക്കറെ വിഭാഗം ശിവസേനയിൽ നിന്നും സംസ്ഥാന, ജില്ലാ ഭാരവാഹികൾ രാജിവെയ്ക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ട് എറണാകുളം വൈഎംസിഎയിൽ നടന്ന പാർട്ടി സംസ്ഥാന കമ്മിറ്റി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് സ്ഥാനം രാജിവെച്ച എം. എസ് ഭുവനചന്ദ്രൻ സംസാരിക്കുന്നു. പള്ളിക്കൽ സുനിൽ, ടി ആർ ദേവൻ തുടങ്ങിയവർ സമീപം

# ഉദ്ദവ് താക്കറെ വിഭാഗം ശിവസേനയിൽ കൂട്ടരാജി; സംസ്ഥാന, ജില്ലാ ഭാരവാഹികൾ പാർട്ടി വിട്ടു

**കൊച്ചി:** ഉദ്ദവ് താക്കറെ വിഭാഗം ശിവസേന സംസ്ഥാന പ്രസിഡന്റ് സ്ഥാനം രാജിവെച്ച എം.എസ് ഭുവനചന്ദ്രന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിലെ ശിവസേനയിൽ കൂട്ടരാജി. പാർട്ടി സംസ്ഥാന ഭാരവാഹികളും 14 ജില്ലാ പ്രസിഡന്റുമാരും സെക്രട്ടറിമാരും അടക്കമുള്ള നേതാക്കളാണ് ഉദ്ദവ് താക്കറെ വിഭാഗം ശിവസേന വിട്ടത്.

എറണാകുളം വൈ.എം.എം.സി.എ ഹാളിൽ നടന്ന സമ്മേളനത്തിലായിരുന്നു രാജി പ്രഖ്യാപനം. നേരത്തെ രാജിവെച്ച പാർട്ടി സംസ്ഥാന പ്രസിഡന്റായിരുന്ന എം.എസ് ഭുവന ചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വ്യക്തമായ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് ബാൽതാക്കറെ ശിവസേന രൂപീകരിച്ചതെന്ന് എം.എസ് ഭുവന ചന്ദ്രൻ പറഞ്ഞു. എന്നാൽ ഉദ്ധവ താക്കറെ ഇതെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി സനാതന മൂല്യങ്ങളെപ്പോലും തള്ളിപ്പറയുന്ന ഇതര പാർട്ടികളോടും മുന്നണികളോടുമൊക്കെ കൂട്ടുചേരുകയിരുന്നു. ഇതൊരിക്കലും അംഗീകരിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് തങ്ങൾ രാജിവെച്ചതെന്നും എം. എസ് ഭുവനചന്ദ്രൻ പറഞ്ഞു. പാർട്ടി സംസ്ഥാന വക്താവായിരുന്ന പള്ളിക്കൽ സുനിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ടി.ആർ ദേവൻ, ശിവസേന നേതാക്കളായിരുന്ന അഡ്വ. രാജീവ് രാജധാനി, രാമകൃഷ്ണൻ ഉണ്ണിത്താൻ, പുത്തൂർ വിനോദ്, പപ്പൻ കോഴിക്കോട്, ബിജു വാരപ്പുറത്ത്, അനിൽ ദാമോദരൻ, താമരക്കുള രവി, ടി. എസ് ബൈജു, കോട്ടുകാൽ ഷൈജു, പ്രസന്നൻ താന്നിമൂട് തുടങ്ങിയവർ സംസാരിച്ചു.പാർട്ടി സംസ്ഥാന വക്താവ് പള്ളിക്കൽ സുനിൽ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ടി.ആർ ദേവൻ,സാമ്പത്തിക കാര്യ സമിതി ചെയർമാൻ കോട്ടുകാൽ ഷൈജു, മീഡിയ സെൽ ചെയർമാൻ പ്രസന്നൻ താന്നിമൂട്, വിജേന്ദ്രകുമാർ (തിരുവനന്തപുരം),ശാന്താലയം ശശികുമാർ (കൊല്ലം), താമരക്കുളം രവി (പത്തനംതിട്ട), രാമകൃഷ്ണൻ ഉണ്ണിത്താൻ (ആലപ്പുഴ), സുകുമാരൻ(കോട്ടയം), ബിനീഷ് (ഇടുക്കി), ജി സന്തോഷ്കുമാർ (എറണാകുളം), സതീഷ് വാരിക്കാട് (തൃശൂർ), അനൂപ് ഒറ്റപ്പാലം(പാലക്കാട്), സുരേഷ് (മലപ്പുറം), പത്മകുമാർ( കോഴിക്കോട്), സജിത് (വയനാട്), ജയരാജ് (കണ്ണൂർ), രാജേഷ് യാദവ് ( കാസർകോഡ്) എന്നിങ്ങനെ ജില്ലാ പ്രസിഡന്റുമാരും സെക്രട്ടറിമാരും മണ്ഡലം ഭാരവാഹികളുമടക്കമുള്ളവരാണ് രാജി വെച്ചതെന്ന് ടി ആർ ദേവൻ പറഞ്ഞു.



# ഏറ്റുമാനൂരിൽ ആൽഫ പാലിയേറ്റീവ് സെന്റർ തുറന്നു

**ഏറ്റുമാനൂർ:** പ്രമുഖ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിന്റെ ഏറ്റുമാനൂർ കേന്ദ്രം കോട്ടയം എം.പി. ഫ്രാൻസിസ് ജോർജ് ഉദ്ഘാടനം ചെയ്തു. ആൽഫ ഏറ്റുമാനൂർ സെന്റർ പ്രസിഡന്റ് വി.എം. മാത്യു അധ്യക്ഷനായി. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം. നൂർദീൻ ആമുഖ പ്രഭാഷണം നടത്തി. ആൽഫ ട്രസ്റ്റിയും ഡോ. സണ്ണി ഹെൽത്ത് കെയർ ചെയർമാനുമായ ഡോ. സണ്ണി കുരിയൻ, അമേരിക്കയിൽ സാമൂഹ്യപ്രവർത്തകനായ ഡോ. സാജൻ കുരിയൻ, വേൾഡ് മലയാളി അസ്സോസിയേഷൻ വൈസ് ചെയർമാൻ സാബു കുര്യൻ മന്നാകുളത്തിൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഏറ്റുമാനൂർ നഗരസഭാ ചെയർപേഴ്സൺ ലൗലി ജോർജ് പടികര, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് അമ്പലക്കുളം, കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തോമസ് മാളിയേക്കൽ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ബിജു വലിയമല, വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ജെയിംസ് ആൻഡ്രൂസ്, വ്യാപാരി വ്യവസായി സമിതി ഏറ്റുമാനൂർ പ്രസിഡന്റ് എൻ.പി. തോമസ്, അതിരമ്പുഴ അൽഫോൺസാ ട്രസ്റ്റ് പ്രസിഡന്റ് റ്റി.ജെ. മാത്യു, കാണക്കാരി വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ജോർജ്, കോർവ കോട്ടയം ജില്ലാ ജനറൽ സെക്രട്ടറി പി. ചന്ദ്രകുമാർ, ആൽഫ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ, വിഷൻ 2030 സ്റ്റേറ്റ് കോർഡിനേറ്റർ അംജിത്കുമാർ, ട്രഷറർ പി.എച്ച്. ഇക്ബാൽ, വൈസ് പ്രസിഡന്റ് കെ.സി. ഉണ്ണികൃഷ്ണൻ ,സെക്രട്ടറി ജോൺ ഫിലിപ്പോസ് തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



## സഹൃദയ വജ്രജൂബിലി: പ്രമോട്ടർമാരുടെ സംഗമം നടത്തി

**കൊച്ചി:** ജാതി, മതങ്ങളുടേയോ സ്വാർത്ഥ താത്പര്യങ്ങളുടെയോ അതിർവരമ്പുകളില്ലാത്ത സ്നേഹവും കരുതലുമാണ് സമർപ്പിതരുടെ സാമൂഹ്യ പ്രവർത്തനങ്ങളിൽ പ്രകടമാകുന്നതെന്ന് എറണാകുളം അങ്കമാലി അതിരൂപതാ ബിഷപ്പ് എമരിറ്റസ് മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സഹൃദയ പ്രമോട്ടർ സിസ്റ്റർമാരുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റുള്ളവരുടെ വേദനകളിൽ അസ്വസ്ഥമാകുന്ന മനസാണ് സാമൂഹ്യപ്രവർത്തകർക്ക് ഉണ്ടാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു. പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ നടത്തിയ സമ്മേളനത്തിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭ പ്രൊവിൻഷ്യൽ സിസ്റ്റർ ഷെഫി മരിയ അധ്യക്ഷയായിരുന്നു. വ്യക്തികളേയും കുടുംബങ്ങളേയും സമാധാനത്തിലേക്ക് നയിക്കുന്നവരാകണം സാമൂഹ്യ പ്രവർത്തകർ എന്ന് അവർ പറഞ്ഞു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, ഫാ.വർഗീസ് പൊട്ടയ്ക്കൽ, ബോർഡംഗം സിജോ പൈനാടത്ത്, ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, കോർഡിനേറ്റർ സിസ്റ്റർ ജൂലി എന്നിവർ സംസാരിച്ചു. സന്യാസ വ്രത വാഗ്ദാനത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റർ ലിറ്റി മരിയയെ യോഗത്തിൽ ആദരിച്ചു.

## ലോക്ഡൗൺ കാലത്തെ കലാജീവിതം; മാലതി ചന്ദ്രഹാസന്റെ ചിത്രങ്ങൾ പ്രദർശനത്തിന്

**കൊച്ചി:** അധ്യാപികയും ചിത്രകലാകാരിയുമായിരുന്ന മാലതി ചന്ദ്രഹാസന്റെ ചിത്രപ്രദർശനും വിൽപ്പനയും തൃപ്പൂണിത്തുറ സ്റ്റാച്യൂ ജംഗ്ഷനിലുള്ള കൂത്തമ്പലത്തിൽ വെച്ച് നടക്കും. ജനുവരി 24 മുതൽ 26 വരെയാണ് പ്രദർശനവും വിൽപ്പനയും നടക്കുന്നത്. 24ന് വൈകീട്ട് നാല് മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ശ്രീകുമാരി രാമചന്ദ്രൻ, പ്രഫ. കെജി പൗലോസ്, പ്രഫ. ജയരാമൻ, സത്യപാൽ എന്നിവർ പങ്കെടുക്കും.ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷം മാലതി ചന്ദ്രഹാസൻ സംഗീതവും ചിത്രകലയുമുൾപ്പെടെ പല കലകളും വശമാക്കി. ഇതിന്റെയെല്ലാം പ്രദർശനങ്ങൾക്ക് പല വേദികളും സാക്ഷിയായിട്ടുമുണ്ട്. ആഭരണങ്ങൾ, അലങ്കാര തുന്നൽ പണികൾ, ക്രോഷെനിറ്റിങ് പണികൾ, ചിത്ര രചനകൾ മുതലായവയുടെ പല പല പ്രദർശനങ്ങൾ കൊച്ചി, ഡൽഹി, അമേരിക്ക എന്നിവിടങ്ങളിലെല്ലാം സംഘടിപ്പിച്ചിട്ടുണ്ട്.ലോക്ഡൗൺ കാലത്ത് വരച്ച 96 ഛായാചിത്രങ്ങളാണ് ഇപ്പോൾ ചിത്രകാരിയുടെ മരണശേഷം പ്രദർശനത്തിന് വെക്കുന്നത്. കോവിഡ് പാൻഡമിക് കഴിഞ്ഞ് എല്ലാം സാധാരണ നിലയിലിൽ ആകുന്ന സമയത്ത് ഒരു പ്രദർശനം സംഘടിപ്പിക്കാമെന്നും, അതിൽ നിന്നും കിട്ടുന്ന വരുമാനം, കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്നതിനിടെ മരണപ്പെട്ട ആരോഗ്യപ്രവർത്തകരുടെ കുടുംബത്തന് കൊടുക്കാമെന്നുമായിരുന്നു ചിത്രകാരിയുടെ ആഗ്രഹം.പ്രസ്തുത ചിത്രങ്ങളാണ് സമ്പൂർണവും സമ്പന്നവുമായ ജീവനം എന്ന പേരിൽ മാലതി ചന്ദ്രഹാസന്റെ മക്കളും മറ്റ് കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചേർന്ന് സംഘടിപ്പിക്കുന്നത്.

## വിജ്ഞാന ആലപ്പുഴ തൊഴിൽ മേള; ലോഗോ ക്ഷണിച്ചു

**ആലപ്പുഴ:** ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 15ന് ആലപ്പുഴ എസ് ഡി കോളേജിൽ സംഘടിപ്പിക്കുന്ന വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേളയുടെ ഭാഗമായി പൊതുജനങ്ങളിൽ നിന്നും അനുയോജ്യമായ ലോഗോ ക്ഷണിച്ചു. തൊഴിൽ, നൈപുണ്യം, സ്വയംപര്യാപ്തത തുടങ്ങിയ ആശയങ്ങൾ കോർത്തിണക്കിയ ലോഗോയാണ് തയ്യാറാക്കി അയക്കേണ്ടത്. എൻട്രികൾ ജനുവരി 25ന് വൈകിട്ട് 5നു മുമ്പ് kshreekdisc.alp@gmail.com എന്ന ഇമെയിലിൽ അയയ്ക്കണം. ലോഗോയോടൊപ്പം അയക്കുന്ന വ്യക്തിയുടെ പേര്, ഫോൺ നമ്പർ, വിലാസം ചേർക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോയ്ക്ക് സമ്മാനം നൽകും. ലോഗോ മുൻപ് പ്രസിദ്ധീകരിച്ചതോ മറ്റു മൽസരങ്ങൾക്ക് അയച്ചതോ ആകരുത്.

## ഡ്രൈവർമാർക്ക് സൗജന്യ നേത്ര പരിശോധന

**ചെങ്ങന്നൂർ:** ദേശീയ റോഡ് സുരക്ഷാ മാസാചരണം 2025 ന്റെ ഭാഗമായി ചെങ്ങന്നൂർ താലൂക്കിലെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്കും സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് നടത്തുന്നു. ചെങ്ങന്നൂർ ഡോ. ഉമ്മൻസ് ഐ ഹോസ്പിറ്റലും ചേർന്ന് ജനുവരി 24 ന് രാവിലെ 10 മണിയ്ക്ക് ചെങ്ങന്നൂർ മിനി സിവിൽ സ്റ്റേഷനിലെ സബ് ആർ.ടി. ഓഫീസ് കോൺഫറൻസ് ഹാളിലാണ് പരിശോധന.

# നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം യാഥാർത്ഥ്യത്തിലേക്ക്

### വിപുലമായ സംവിധാനം, പരിശോധനാ വിവരങ്ങൾ മൊബൈലിൽ

സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള 'നിർണയ ലബോറട്ടറി ശൃംഖല' (ഹബ് ആന്റ് സ്പോക്ക്) മൂന്ന് മാസത്തിനുള്ളിൽ പൂർണ തോതിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ജില്ലകളിൽ നിലവിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ നിർണയ പദ്ധതിയുടെ നെറ്റുവർക്കിങ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ നിർദിഷ്ട ഹെൽത്ത് ബ്ലോക്കുകളിൽ പ്രവർത്തനം നടക്കുന്നുണ്ട്. ഇത് സജ്ജമായാൽ പരിശോധനാ ഫലത്തിനായി അലയുകയും വേണ്ട. നിർണയ ലാബ് നെറ്റുവർക്കിലൂടെ നിർദ്ദിഷ്ട പരിശോധനാ ഫലങ്ങൾ മൊബൈലിലൂടെ അറിയാനും സാധിക്കും. ഇതിനായുള്ള സോഫ്റ്റ്‌വെയർ പൈലറ്റടിസ്ഥാനത്തിൽ ഉപയോഗിച്ച് വരുന്നതായും മന്ത്രി വ്യക്തമാക്കി.

നവകേരളം കർമ്മപദ്ധതി ആർദ്രം മിഷന്റെ ഭാഗമായാണ് നിർണയ ലാബ് ശൃംഖല നടപ്പാക്കി വരുന്നത്. സർക്കാർ മേഖലയിലെ ലാബുകൾ വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കി കുറഞ്ഞ നിരക്കിൽ പരിശോധനകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ, ജനറൽ ആശുപത്രികൾ വരെ മൂന്ന് തലങ്ങളിലായി പൊതുജനങ്ങൾക്ക് ഫലപ്രദമാവുന്ന രീതിയിൽ സംസ്ഥാനത്തെ ലാബ് ശൃംഖല ശക്തിപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. സർക്കാർ ലാബുകളിൽ നിർദിഷ്ട പരിശോധനകൾ ഉറപ്പാക്കുക, ലബോറട്ടറി സേവനങ്ങളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ ലാബ് സൗകര്യം സൃഷ്ടിക്കുക, സർക്കാർ പൊതുജനാരോഗ്യ സ്ഥാപങ്ങളിലെ ലബോറട്ടറികളെ പ്രാഥമിക, ദ്വിതീയ, ത്രിതീയ എന്നീ മൂന്ന് തലങ്ങളായി ബന്ധിപ്പിക്കുന്ന നിർണയ ലബോറട്ടറി ശൃംഖല പ്രവർത്തന സജ്ജമാക്കുക എന്നിവയിൽ ഗണ്യമായ പുരോഗതി ഇതിനോടകം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സംസ്ഥാനത്തെ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ, ജില്ലാസംസ്ഥാന പബ്ലിക്ക് ഹെൽത്ത് ലാബുകൾ എന്നീ സ്ഥാപനങ്ങൾ നിർണയ ലാബ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി ലാബ് ഡെവലപ്മെന്റ്/ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഭൂരിഭാഗം ലാബോറട്ടറികളിലും പരിശോധനകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള ഇന്റേർണൽ ക്വാളിറ്റി കൺട്രോൾ നടപ്പാക്കുകയും, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്യുറൻസ് എന്റോൾമെന്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ കൂടി സമയബന്ധിതമായി നിർണയ നെറ്റുവർക്ക് സംവിധാനം സജ്ജമാക്കാനാണ് പരിശ്രമിക്കുന്നത്.

## കെഎസ്ആർടിസിയുടെ മെഗാ ക്ലീനിംഗിന് നെടുമങ്ങാട്ട് തുടക്കം

**നെടുമങ്ങാട്:** സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി കെഎസ്ആർടിസിയിലെ ഹൗസിംഗ് ജീവനക്കാരും വർക്ഷോപ്പുകളിലെ ഹൗസ് കീപ്പിംഗ് ജീവനക്കാരും ഡിപ്പോയിലെ പൊതുജനങ്ങളുടെയും ജീവനക്കാരുടെയും ടോയ്‌ലറ്റുകൾ, ഇരിപ്പിടങ്ങൾ, ബസ് സ്റ്റേഷൻ പരിസരം എന്നിവ വൃത്തിയാക്കുക എന്ന ഉദ്യമത്തിൻറെ ഭാഗമായുള്ള ജില്ലാതല മെഗാ ക്ലീനിംഗിനു നെടുമങ്ങാട് കെഎസ്ആർടിസി ഡിപ്പോയിൽ തുടക്കമായി.

ഡിപ്പോയിലെ എട്ടോളം ഹൗസ് കീപ്പിംഗ് ജീവനക്കാരും മറ്റു യൂണിറ്റുകളിൽ നിന്നുള്ള പതിനെട്ടിൽപ്പരം ജീവനക്കാരുമാണു മെഗാ ക്ലീനിംഗ് ഡ്രൈവിൽ പങ്കാളികളായത്. മന്ത്രി കെ.ബി. ഗണേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ പ്രമോദ് ശങ്കർ എന്നിവരുടെ നിർദേശാനുസരണം നെടുമങ്ങാട്ട് നടന്ന പരിപാടിക്ക് ഹൗസ് കീപ്പിംഗ് സ്റ്റേറ്റ് കോഓർഡിനേറ്റർ ശശികല ഖജാർ, എടിഒ ഷെസിൻ, ചീഫ് സർജൻറ് ശശി ഭുവൻ, പ്രശോക് എന്നിവർ നേതൃത്വം നൽകി.

## ദുരന്തസാധ്യതയുള്ള മുഴുവൻ പ്രദേശങ്ങളെയും കവചത്തിന്റെ കീഴിൽ കൊണ്ടുവരും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിലെ ദുരന്തസാധ്യതയുള്ള മുഴുവൻ പ്രദേശങ്ങളെയും കവചത്തിന്റെ (കേരള വാണിംഗ്സ് ക്രൈസിസ് ആൻഡ് ഹസാർഡ്സ് മാനേജ്മെന്റ് സിസ്റ്റം) കീഴിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സജ്ജമാക്കിയ മുന്നറിയിപ്പ് സംവിധാനമായ കവചത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ ഭാഗമായി ദേശീയ ദുരന്തനിവാരണ അതോറിറ്റി, ലോക ബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായത്തോടെയാണ് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കവചം സജ്ജമാക്കിയത്. അതിതീവ്ര ദുരന്ത സാദ്ധ്യത സംബന്ധിച്ച മുന്നറിയിപ്പുകൾ കേന്ദ്ര നോഡൽ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സന്ദേശങ്ങളിലൂടെയും സൈറൻ വിസിലിലൂടെയും പൊതുജനങ്ങളെ അറിയിക്കുകയാണ് ലക്ഷ്യം. 126 സൈറൻസ് ട്രോബ് ലൈറ്റ് ശൃംഖല, അവ നിയന്ത്രിക്കുന്ന എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, ഡിസിഷൻ സപ്പോർട്ട് സോഫ്റ്റ്‌വെയർ, ഡാറ്റ സെന്റർ എന്നിവയടങ്ങുന്നതാണ് കവചം.

അത്യാധുനികമായ ഒരു ദുരന്തസാധ്യതാ മുന്നറിയിപ്പ് സംവിധാനമാണ് കവചമെന്നും രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സംവിധാനമാണിതെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇപ്പോൾ 126 സ്ഥലങ്ങളിൽ സൈറണുകൾ സ്ഥാപിക്കും. രണ്ടു ഘട്ട പ്രവർത്തന പരീക്ഷണമുൾപ്പെടെ 91 സൈറണുകൾ സജ്ജീകരിച്ചു കഴിഞ്ഞു. താലൂക്ക് തലത്തിലും ജില്ലാതലത്തിലും എമർജൻസി ഓപ്പറേഷൻ സെന്ററുകൾക്ക് ഇവ പ്രവർത്തിപ്പിക്കാൻ സാധിക്കും.കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ദുരന്തനിവാരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെയെല്ലാം തുടർച്ചയെന്ന നിലയ്ക്കാണ് കവചം എന്ന സംവിധാനത്തെ കാണേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്കും രക്ഷാസേനകൾക്കും കൃത്യമായ മുന്നറിയിപ്പ് നൽകാനും ആവശ്യമെങ്കിൽ ആളുകളെ മാറ്റി താമസിപ്പിക്കാനും ഇതുവഴി കഴിയും.

എല്ലാ സ്ഥലങ്ങളിലും സൈറൺ വഴി മുന്നറിയിപ്പ് ലഭിക്കുമ്പോൾ ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ കഴിയും. സൈറണുകൾ വഴി തത്സമയം മുന്നറിയിപ്പുകൾ അനൗൺസ് ചെയ്യാൻ സാധിക്കും. അതിനോടൊപ്പം നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. സൈറൺ വഴി വരുന്ന മുന്നറിയിപ്പുകളെ കുറിച്ചും അത്തരം ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടത് ഏറെ പ്രധാനമാണ്. ഇതെല്ലാം ആദ്യ ഘട്ട പ്രവർത്തനങ്ങളാണ്.

കേരളത്തിലെ ദുരന്ത സാധ്യതാ പ്രദേശങ്ങൾ, അവിടങ്ങളിലെ ജലാശയങ്ങൾ, റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, ദുരിതാശ്വാസ കേന്ദ്രങ്ങൾ ഫയർ സ്റ്റേഷനുകൾ മറ്റ് പൊതുകെട്ടിടങ്ങൾ തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളുടെയും വിവരങ്ങൾ കവചത്തിലുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളാണുള്ളത്. ഈ കൺട്രോൾ റൂമുകളെ പരസ്പരം വെർചൽ പ്രൈവറ്റ് നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലെയും ദുരന്ത സാധ്യതകളെ യഥാസമയം നിരീക്ഷിക്കുകയും ഏതെങ്കിലും തരത്തിലുള്ള അപകട സാധ്യത മുന്നിൽ കണ്ടാൽ ദ്രുതഗതിയിൽ ഇടപെടുകയും ചെയ്യലാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

മൊബൈൽ സന്ദേശങ്ങൾ മുഖേന കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുന്ന സംവിധാനം ഇതിനകം തന്നെ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിന് പുറമേ സാമൂഹ്യ മാധ്യമങ്ങൾ വഴി വിവരങ്ങൾ എത്തിക്കുകയും ചെയ്യുന്നുണ്ട്.

# സംസ്ഥാനത്ത് റബർ ബോർഡ് ഫീൽഡ് ഓഫീസർമാർക്ക് ക്ഷാമം



**കുറവിലങ്ങാട്:** സംസ്ഥാനത്ത് റബർ പുതുകൃഷി, ആവർത്തനകൃഷി എന്നിവയ്ക്ക് സബ്സിഡി നൽകുന്നതിലുള്ള അപേക്ഷകളിൽ പരിശോധന നടത്തുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥസംഘം. ആസാം, മേഘാലയ, മണിപ്പൂർ എന്നിങ്ങനെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള 15 അംഗസംഘമാണ് കേരളത്തിലെത്തി പരിശോധന ആരംഭിച്ചിട്ടുള്ളത്.

റബർ ബോർഡിന് സംസ്ഥാനത്ത് ഫീൽഡ് ഓഫീസർമാരുടെ തസ്തിക കൂട്ടത്തോടെ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിലാണ് ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ളവരെ ബോർഡ് പ്രയോജനപ്പെടുത്തുന്നത്. ഒരു ഹെക്ടറിന് 40,000 രൂപവരെയാണ് റബർ പുതുകൃഷിക്കും ആവർത്തനകൃഷിക്കുമായി റബർ ബോർഡ് കർഷകർക്ക് നൽകുന്നത്. ഇതിന് അപേക്ഷ നൽകിയിരിക്കുന്നവരുടെ തോട്ടങ്ങളിൽ എത്തി പരിശോധന നടത്തി അപേക്ഷ ശരിയാണെന്ന് ഉറപ്പ് വരുത്താനാണ് ഉദ്യോഗസ്ഥസംഘം എത്തിയിട്ടുള്ളത്.

രാജ്യത്ത് റബർബോർഡിൽ 136 ഫീൽഡ് ഓഫീസർ തസ്തികകളാണുള്ളത്. ഇതിൽ നൂറെണ്ണത്തോളവും ഒഴിഞ്ഞുകിടക്കുകയാണ്. കേരളത്തിൽ മാത്രം നൂറോളം ഫീൽഡ് ഓഫീസർമാരെ വേണമെന്നിരിക്കെ 40 പേരെ നിയമിക്കാൻ തീരുമാനവും അനുമതിയുമുണ്ടായെങ്കിലും ഇനിയും നടപടികളുണ്ടായിട്ടില്ല. നിയമനനടപടികൾക്കായുള്ള കാത്തിരിപ്പ് തുടങ്ങിയിട്ട് ഏറെ നാളുകളായി. ഫീൽഡ് ഓഫീസർ തസ്തികയിൽ ആളില്ലാത്തതിനാൽ സംസ്ഥാനത്തെ ഭൂരിപക്ഷം ഫീൽഡ് ഓഫീസുകളും പൂട്ടിയിട്ടിരിക്കുകയാണ്.

മലയാളം മാത്രമറിയുന്ന കർഷകർ മലയാളമറിയാത്ത ഉദ്യോഗസ്ഥർ പരിശോധനയ്ക്കെത്തുന്നതിനാൽ നെട്ടോട്ടമോടുകയാണ്. പ്രാദേശികഭാഷയറിയാത്തതിനാൽ കാര്യങ്ങൾ ചോദിച്ചറിയാൻ ഉദ്യോഗസ്ഥരും ബുദ്ധിമുട്ടിലാണ്. അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെടാനും നൽകാനും ഭാഷ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഉദ്യോഗസ്ഥരെ എത്തിച്ച് പരിശോധനകൾ നടത്തുന്നതോടെ ബോർഡിന് ലക്ഷങ്ങളാണ് അധികചെലവ് വേണ്ടിവരുന്നത്. ഉദ്യോഗസ്ഥരുടെ യാത്രാചെലവ്, ദിനബത്ത, താമസസൗകര്യം എന്നിങ്ങനെ അധികചെലവ് വേണ്ടിവരുന്ന മേഖലകളേറെയാണ്.

ഫീൽഡ് ഓഫീസർ തസ്തികയിൽ നിയമനം നടക്കാത്തതിനൊപ്പം റബർബോർഡിൻറെ ഡെപ്യൂട്ടി പ്രൊഡക്ഷൻ കമ്മീഷണർ തസ്തികയിലും ആളില്ലാത്ത സ്ഥിതിയാണ്. രാജ്യത്തെ ആകെയുള്ള 36 തസ്തികകളിൽ 20 എണ്ണവും ഒഴിഞ്ഞുകിടക്കുന്നു. ഫീൽഡ് ഓഫീസർ തസ്തികയിൽ പുതിയ ആളുകളെത്താത്തതിനാൽ മൂന്ന് പതിറ്റാണ്ടോളമായി സ്ഥാനക്കയറ്റം ലഭിക്കാത്ത സ്ഥിതിയിലാണ് അസി. ഡെവലപ്മെൻറ് ഓഫീസർമാരും ഡെവലപ്മെൻറ് ഓഫീസർമാരും.രാജ്യത്തെ സ്വാഭാവിക റബർ ഉത്പാദനത്തിൽ മുക്കാൽ ഭാഗവും കേരളത്തിൻറെ സംഭാവനയാണ്. ബംഗാൾ, അരുണാചൽ പ്രദേശ്, മേഘാലയ, നാഗലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര, ഗോവ, ഒറീസ, കർണാടക, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല എന്നീ സ്ഥലങ്ങളിലാണ് കേരളത്തിനൊപ്പം രാജ്യത്ത് റബർ ഉത്പാദനം കാര്യമായി നടത്തുന്നത്.

ഉത്പാദനത്തിലെ മുന്നേറ്റം കേരളത്തിന് ഉദ്യോഗസ്ഥരെ ഉറപ്പാക്കുന്നതിലടക്കം പ്രത്യേക പരിഗണനയ്ക്ക് അർഹതയുണ്ടെങ്കിലും ലഭിക്കുന്നില്ലെന്ന് ആക്ഷേപം ശക്തമാണ്. അടച്ചുപൂട്ടിയ ഫീൽഡ് ഓഫീസുകളും ആളില്ലാത്ത ഡെപ്യൂട്ടി പ്രൊഡക്ഷൻ കമ്മീഷണർ കസേരകളുമാണ് കേരളത്തിൽ ഭൂരിപക്ഷവും. റബർ ബോർഡ് ചെയർമാൻ സ്ഥാനമടക്കം ഒഴിഞ്ഞു കിടക്കുകയാണെന്നതും ശ്രദ്ധേയമാണ്.

# മലയോര മേഖലയിലേക്ക് കെഎസ്ആർടിസി സർവീസ്; യോഗം വിളിക്കാൻ മന്ത്രി




**തണ്ണിത്തോട് :** മലയോര മേഖലയിലേക്ക് കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സേവ് കെഎസ്ആർടിസി ജനകീയ കൂട്ടായ്മ നടത്തുന്ന സമരത്തിന് ഫലം കാണുന്നു. സർവീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് ഗതാഗത മന്ത്രി എംഎൽഎയുടെയും കെഎസ്ആർടിസി ഉദ്യോഗസ്ഥരുടെയും യോഗം വിളിക്കുമെന്ന് മന്ത്രിയുടെ ഓഫിസ് അറിയിച്ചതായി ജനകീയ കൂട്ടായ്മ കൺവീനർ ജയകൃഷ്ണൻ തണ്ണിത്തോട് പറഞ്ഞു.സമര പരിപാടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ജനകീയ കൂട്ടായ്മ സമര സമിതി യോഗം ചേർന്നു. സർവീസുകൾ പുനരാരംഭിക്കാൻ വൈകുന്ന പക്ഷം 1500 പേരെ പങ്കെടുപ്പിച്ച് ഫെബ്രുവരി 3ന് കെഎസ്ആർടിസി പത്തനംതിട്ട ഡിപ്പോയിലേക്ക് മാർച്ച് നടത്താൻ യോഗം തീരുമാനിച്ചു.

ഇതിനായി വാർഡുതല യോഗങ്ങൾ 28ന് മുൻപ് പൂർത്തിയാക്കും. പഞ്ചായത്തിലെ 10,000 പേരുടെ ഒപ്പ് ശേഖരിച്ച് മന്ത്രിക്ക് നിവേദനം നൽകും. സമര പരിപാടികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും നോട്ടീസ് വിതരണം ചെയ്യാനും യോഗം തീരുമാനിച്ചു.കഴിഞ്ഞ ദിവസം തണ്ണിത്തോട് മൂഴി എസ്എൻഡിപി ഹാളിൽ നടത്തിയ സമര പ്രഖ്യാപന കൺവൻഷനിൽ പ്രതീക്ഷിച്ചതിലും ജനപങ്കാളിത്തമുണ്ടായിരുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നായി വൻ ജനാവലിയാണ് ഒത്തുകൂടിയത്. കൺവൻഷന് മുന്നോടിയായി നടത്തിയ വാഹന പ്രചാരണ റാലിയും ശ്രദ്ധേയമായി. കോവിഡിനെ തുടർന്ന് നിർത്തിവച്ച ദീർഘദൂര സർവീസുകൾ ഉൾപ്പെടെയുള്ള കെഎസ്ആർടിസി ബസ് സർവീസുകൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും മുൻപ് പല തവണ സമരം നടത്തിയിരുന്നു.

അവസാനം തണ്ണിത്തോട് പഞ്ചായത്ത് ഭരണ സമിതി പത്തനംതിട്ട ഡിപ്പോയിൽ സമരം നടത്തിയിട്ടും ഫലം കണ്ടില്ല. സംസ്ഥാനത്ത് കെഎസ്ആർടിസി സർവീസ് ഇല്ലാത്ത പഞ്ചായത്തായി തണ്ണിത്തോട് മാറിയിട്ടും ജനപ്രതിനിധികൾ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ഉയർന്നിരുന്നു.

സ്വകാര്യ ബസ് ഉടമയെ സഹായിക്കാനാണ് കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കാത്തതെന്ന് കാലങ്ങളായി നാട്ടുകാർ ആരോപിക്കുന്നുണ്ട്.ഇതേത്തുടർന്നാണ് രാഷ്ട്രീയ വേർതിരിവില്ലാതെ പഞ്ചായത്ത് നിവാസികൾ ജനകീയ കൂട്ടായ്മയുടെ കീഴിൽ അണിനിരന്ന് സമരത്തിനിറങ്ങിയത്. ശക്തമായ ജനകീയ സമരത്തിന് മുന്നിൽ അധികൃതർ മുട്ടുമടക്കുമെന്നാണ് ജനകീയ കൂട്ടായ്മയുടെ പ്രതീക്ഷ.

## തിരുവല്ല ആശുപത്രിയിൽ ശുചിത്വ മിഷൻ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കും

**പത്തനംതിട്ട:** തിരുവല്ല താലൂക്ക് ആശുപത്രിയിൽ രണ്ടേകാൽ കോടി രൂപ ചെലവിൽ മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതിയുമായി ജില്ലാ ശുചിത്വ മിഷൻ. ദിനംപ്രതി 225 കിലോ ലിറ്റർ ശുദ്ധീകരണ ശേഷിയുള്ളതാണ് പ്ലാന്റ്. തിരുവല്ല നഗരസഭ അധ്യക്ഷ അനു ജോർജ്ജിന്റെ അധ്യക്ഷതയിൽ ടെൻഡർ ഡോക്യുമെന്റ് അവതരണ യോഗം ചേർന്നു. ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ നിഫി എസ് ഹക്ക്, ടെക്നിക്കൽ കൺസൾട്ടന്റ് അരുൺ വേണുഗോപാൽ, നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭാ വിനു, എഞ്ചിനിയർ ഷീജാ ബി റാണി, അസിസ്റ്റന്റ് എഞ്ചിനിയർ പി ആർ അനുപമ, ക്ലീൻ സിറ്റി മാനേജർ ബി പി ബിജു എന്നിവർ പങ്കെടുത്തു.

## കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി: ഓൺലൈൻ അപേക്ഷ ജനുവരി 25 മുതൽ

**ആലപ്പുഴ:** കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവത്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കാനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി എസ്.എം.എ.എം). ഈ പദ്ധതിയിൽ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും കർഷകരുടെ കൂട്ടായ്മകൾ, എസ്.എച്ച്.ജി കൾ എഫ്.പി.ഒ കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40 ശതമാനം സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80 ശതമാനം എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കും.

202425 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി ജനുവരി 25 മുതൽ http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് മുഖേന നൽകാം. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയവുമായോ സ്ഥലത്തെ കൃഷിഭവനുമായോ താഴെ പറയുന്ന ഫോൺ നമ്പറുകളിലോ, ഇ മെയിൽ മുഖേനയോ ബന്ധപ്പെടാം. ഫോൺ: 0471 2306748, 0477 2266084, 0495 2725354.

## സി എം ഡി യിൽ സർട്ടിഫിക്കറ്റ് കോഴ്സ്

**തിരുവനന്തപുരം:** കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ (സിഎംഡി) സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നു. മാനേജ്മെന്റ് വിഷയങ്ങൾ, ഡാറ്റ ആൻഡ് അനലിറ്റിക്കൽ സ്കിൽസ്, കണ്ടന്റ് റൈറ്റിങ്, ഗവേഷണ രീതിശാസ്ത്രം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ ഇരുപതിൽപരം നൂതന കോഴ്സുകളാണ് ആരംഭിക്കുന്നത്. പ്രഭാത, സായാഹ്ന, വാരാന്ത്യ ബാച്ചുകളിൽ ഓൺലൈനായും നേരിട്ടും പങ്കെടുക്കാം. ഓരോ മേഖലയിലും പ്രായോഗിക പരിശീലനത്തിനുള്ള അവസരവും കോഴ്സുകളുടെ ഭാഗമായുണ്ടാവും. പ്ലസ്ടു ആണ് അടിസ്ഥാന യോഗ്യത. https://cmd.kerala.gov.in ലെ ലിങ്ക് വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8714259111, 04712320101.

## മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവേശനം

**പാലക്കാട്:** പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് പ്രവേശനം ആരംഭിച്ചു. അട്ടപ്പാടി മുക്കാലിയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ 35 പെൺകുട്ടികൾക്കും അട്ടപ്പാടി ഏകലവ്യമോഡൽ റസിഡൻഷ്യൽ സ്കൂളിൽ സി ബി എസ് ഇ പാഠ്യപദ്ധതിയിൽ ആറാം ക്ലാസ്സിൽ 30 പെൺകുട്ടികൾക്കും 30 ആൺകുട്ടികൾക്കുമാണ് പ്രവേശനം. മുക്കാലി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ 35 സീറ്റുകളിൽ 30 ശതമാനം സീറ്റുകളിൽ പട്ടികജാതി വിഭാഗത്തിനും 10 ശതമാനം സീറ്റുകളിലേക്ക് ജനറൽ വിഭാഗത്തിനും അപേക്ഷിക്കാം. ബാക്കി മുഴുവൻ സീറ്റുകളും പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. അപേക്ഷയോടൊപ്പം ഫോട്ടോയും, ജാതി, വരുമാനം, പഠിക്കുന്ന ക്ലാസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അപ്ലോഡ് ചെയ്യണം.ഓൺലൈൻ സൗകര്യം ലഭിക്കാത്തപക്ഷം ആവശ്യമായ രേഖകൾ സഹിതം നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ അതാത് ട്രൈബൽ എക്സ്റ്റൻഷൻ സഹായകേന്ദ്രത്തിൽ അപേക്ഷിക്കാം. മോഡൽ റസിഡൻഷ്യൽ ഓൺലൈൻ അപേക്ഷയ്ക്ക് സൗകര്യമുണ്ടായിരിക്കും. മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്കുള്ള അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയരുത്. പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് വരുമാന പരിധി ബാധകമല്ലെങ്കിലും നിർബന്ധമായും പരീക്ഷ എഴുതേണ്ടതാണ്. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനത്തിന് വാർഷിക വരുമാന പരിധി ബാധകമല്ല. ഫെബ്രുവരി 20 വരെ അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് അട്ടപ്പാടി ഐ.റ്റി.ഡി.പി സ്കൂൾ : 04924 254 382, അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂൾ :04924 253 347, 9747172650, അട്ടപ്പാടി ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ : 9416315295,

# 37,500 താളിയോല ഗ്രന്ഥങ്ങൾ; കുമാരനല്ലൂരിലെ നെൽപുര മാളിക ഇനി ചരിത്ര ഗവേഷണ കേന്ദ്രം

**കുമാരനല്ലൂർ:** ദേവീ ക്ഷേത്രാങ്കണത്തിലുള്ള നെൽപുര മാളിക ഇനി ചരിത്ര ഗവേഷണ കേന്ദ്രം. ദേവീക്ഷേത്രത്തിൽ നിന്നു കണ്ടെടുത്ത 37,500 താളിയോല ഗ്രന്ഥങ്ങൾ ഇവിടെയാണ് സംരക്ഷിക്കുന്നത്. ഇവ ശാസ്ത്രീയമായി സംരക്ഷിക്കുന്ന ജോലികൾ നടന്നു വരികയാണ്. പിന്നീട് ഇത് മ്യൂസിയമായി മാറ്റും.ചരിത്രാന്വേഷകർക്കും ഗവേഷണ വിദ്യാർഥികൾക്കും ഉപകാരപ്പെടുംവിധമാണ് മ്യൂസിയം. എംജി സർവകലാശാലയുമായി സഹകരിച്ചാണ് പ്രവർത്തനം. ഗാന്ധിജി കുമാരനല്ലൂർ ക്ഷേത്രത്തിൽ എത്തിയപ്പോൾ വിശ്രമിച്ചത് നെൽപുര മാളികയിലാണ്. ഗാന്ധിജിയുടെ സന്ദർശനത്തിന്റെ വാർഷികവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഇവിടെ ആഘോഷപരിപാടികൾ നടത്തിയിരുന്നു. ക്ഷേത്രത്തിന്റെ പഴയ അലമാരകളിൽ നിന്നു 2024 ഫെബ്രുവരിയിലാണ് താളിയോലകൾ കണ്ടെത്തിയത്. വീണ്ടെടുത്ത താളിയോലകൾ 100 വീതമുള്ള കെട്ടുകളാക്കി. ക്ഷേത്രം ഭാരവാഹികളുടെ ക്ഷണം അനുസരിച്ച് ചരിത്രകാരൻ ഡോ.എം.ജി.ശശിഭൂഷണാണ് പ്രാഥമിക പരിശോധന നടത്തിയത്. അദ്ദേഹത്തിന്റെ നിർദേശപ്രകാരമാണ് താളിയോലകൾ സംരക്ഷിക്കുന്നതിനും മ്യൂസിയം ആരംഭിക്കുന്നതിനും തീരുമാനിച്ചത്.



വട്ടെഴുത്ത് രീതിയിലുള്ള താളിയോലകളിലെ ആലേഖനങ്ങൾ ഗവേഷണ വിദ്യാർഥികളാണ് വായിച്ച് തരംതിരിക്കുന്നത്. ഡോ.എസ്.രാജേന്ദുവാണ് ഇതിനു നേതൃത്വം നൽകുന്നത്.1881നു മുൻപുള്ള താളിയോലകൾ കൂടുതലും ക്ഷേത്രവുമായി ബന്ധപ്പെട്ട കത്തിടപാടുകളാണ്. ക്ഷേത്രഭൂമിയുടെ രേഖകളും ഇതിലുണ്ട്.

ദേവിയുമായി ബന്ധപ്പെട്ട് ശേവധി എന്നാണ് മ്യൂസിയത്തിനു നൽകിയിരിക്കുന്ന പേര്. വിവിധ ക്ഷേത്രങ്ങളുടെയും വ്യക്തികളുടെയും പക്കലുള്ള താളിയോലകൾ വായിച്ചെടുക്കുന്നതിനും പഴക്കം കണക്കാക്കുന്നതിനും ഇവിടെ സൗകര്യമുണ്ടാകും.ബ്രാഹ്മിണിപ്പാട്ടിന്റെ ഗ്രന്ഥമാണ് ആദ്യമായി ഇവിടെ വായിച്ചെടുത്തത്. ഇതിന്റെ പകർപ്പ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. കുമാരനല്ലൂർ ക്ഷേത്രവും കീഴൂട്ട് ക്ഷേത്രവുമായി ബന്ധപ്പെട്ട് നടത്തുന്ന വഴിപാടാണ് ബ്രാഹ്മണി പാട്ട്. ദേവിയെക്കുറിച്ചുള്ള സ്തുതിപ്പാട്ടാണ് ഇത്. പണ്ട് 70 ദിവസങ്ങളിൽ അധികം പാട്ട് നടന്നിരുന്നതയാണ് പഴമക്കാർ രേഖപ്പെടുത്തിയിരിക്കുന്നത്. ഇരുപതു മിനിറ്റാണ് പാട്ടിന്റെ ദൈർഘ്യം. പുലർച്ചെയാണ് ചൊല്ലുന്നത്.

താളിയോലകൾ പുൽതൈലവും കൺമഷിയും ചേർത്തു നിർമിച്ച മിശ്രിതം ഉപയോഗിച്ചാണ് വൃത്തിയാക്കുന്നത്. ഗവേഷണ പഠന കേന്ദ്രത്തിൽ ഹസ്തലിഖിത ഗ്രന്ഥ പഠനം, പുരാരേഖാ പഠനം, പുരാലിപി പഠനം എന്നിവയും മുഖ്യവിഷയങ്ങളാകും. ഫ്രഞ്ച്, പോണ്ടിച്ചേരി സർവകലാശാലകൾ ചേർന്നു നടത്തുന്ന താളിയോല ഗ്രന്ഥ സംരക്ഷണ പരിപാടിയിൽ കുമാരനല്ലൂരിലെ ഗ്രന്ഥങ്ങളെപ്പറ്റിയുള്ള പഠനം ആരംഭിച്ചു. അവിടെ നിന്നുള്ള കൂടുതൽ വിദ്യാർഥികൾ പിന്നീട് ഇവിടം സന്ദർശിക്കും.ഊരാണ്മ യോഗം പ്രസിഡന്റ് സി.എൻ.നാരായണൻ നമ്പൂതിരി, ദേവസ്വം ഭരണാധികാരി കാഞ്ഞിരക്കാട്ട് ഇല്ലം കെ.എ.മുരളി, അസിസ്റ്റന്റ് മാനേജർ അരുൺ വാസുദേവൻ, മ്യൂസിയം അഡ്മിനിസ്ട്രേറ്റർ ചെമ്മങ്ങാട്ട് സി.ടി.ഹരി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനം.

# കുടിയേറ്റ തൊഴിലാളികളുടെ കൂട്ടത്തിൽ ബംഗ്ലാദേശികളും; നിരീക്ഷണം ശക്തമാക്കി

**കൊച്ചി:** കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ കൂട്ടത്തിൽ ബംഗ്ലദേശ് സ്വദേശികൾ അടക്കമുള്ള വിദേശികളും തങ്ങുന്നതായുള്ള കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ടിനെ തുടർന്നു 500 പേരുടെ പട്ടിക തയാറാക്കി കേരള പൊലീസ് നിരീക്ഷണം ശക്തമാക്കി. എറണാകുളം റൂറൽസിറ്റി പൊലീസിന്റെ നേതൃത്വത്തിൽ 4 പേരെ പിടികൂടി ചോദ്യം ചെയ്തു. ഇവർ വ്യാജരേഖകൾ നിർമിച്ചു നുഴഞ്ഞുകയറിയ ബംഗ്ലദേശ് പൗരന്മാരാണെന്നു സ്ഥിരീകരിച്ചു.

ലേബർ ഏജൻസികൾക്കു കുടിയേറ്റ തൊഴിലാളികളെ നൽകുന്ന റാക്കറ്റാണു ഇവർക്കു വ്യാജ ആധാർകാർഡ് നിർമിച്ചു നൽകിയത്. പലർക്കും വോട്ടർ ഐഡി കാർഡുമുണ്ട്. ഇതുപയോഗിച്ചാണു കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ വിദേശികൾ തങ്ങുന്നത്. ഇന്ത്യൻ വ്യാജ പാസ്പോർട്ട് ഉപയോഗിച്ച് ബംഗ്ലദേശ് സ്വദേശികൾ ഇസ്രയേലിലേക്കു കടന്നതായി കേന്ദ്ര രഹസ്യാന്വേഷണ വിഭാഗങ്ങൾ നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു. കേരളത്തിൽ റജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളിൽ പ്രതി സ്ഥാനത്തുള്ള കുടിയേറ്റ തൊഴിലാളികളിൽ പലരും ബംഗ്ലദേശ് സ്വദേശികളാണെന്നു കേരള പൊലീസും കണ്ടെത്തിയിരുന്നു.കേസിൽ കൊച്ചി സിറ്റി പൊലീസും അന്വേഷണം തുടങ്ങിയതോടെ കൂടുതൽ പേ!ർ കസ്റ്റഡിയായി. സിറ്റി പൊലീസ് 3 പേരെ പിടികൂടി. റാബിസ്ലാം(20), നജ്മുൽ ഷെയ്ഖ്(25), സുമയ്യ അക്തർ(21) എന്നിവരെ ചോദ്യം ചെയ്യുകയാണ്. ഹൊസൈൻ ബെവോറിനെ(29) റൂറൽ പൊലീസും പിടികൂടി.

പെരുമ്പാവൂരിൽ കസ്റ്റഡിയിലായ തസ്‌ലീമയെ ചോദ്യം ചെയ്തപ്പോൾ ഇവരെ കേരളത്തിൽ എത്തിച്ച ലേബർ ഏജന്റിന്റെ വിവരം ലഭിച്ചിരുന്നു. ഇയാളെ രഹസ്യമായി ചോദ്യം ചെയ്തപ്പോഴാണ് ഇയാൾ വഴി വന്ന മറ്റുള്ളവരുടെ വിവരങ്ങൾ ലഭിച്ചത്. ഇവരിൽ ആരെങ്കിലും ദേശവിരുദ്ധ സ്വഭാവമുള്ള സംഘടനകളിലോ സംഘങ്ങളിലോ അംഗങ്ങളാണോ എന്നാണു കേന്ദ്ര ഏജൻസികൾ പരിശോധിക്കുന്നത്.

# കാൻസർ രോഗികൾക്ക് സൗജന്യമായി വിഗ്ഗുകൾനൽകി അമല ആശുപത്രി; വിതരണംചെയ്ത് 1800 വിഗ്ഗുകൾ

**തൃശൂർ:** 1800 കാൻസർരോഗികൾക്കു സൗജന്യമായി വിഗ്ഗുകൾ നല്കാനായതിന്റെ നിർവൃതിയിൽ അമല മെഡിക്കൽ കോളജ് ആശുപത്രി. 18,000 പേരുടെ മുടിദാനത്തിൽനിന്നാണ് ഇത്രയും വിഗുകൾ നിർമിച്ചുനല്കിയത്.

410 പുരുഷന്മാർ ഉൾപ്പടെ മൂന്നു മുതൽ 70 വയസുവരെയുള്ള സമൂഹത്തിൻറെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽനിന്ന് 30 സെൻറീമീറ്റർ മുടി ശേഖരിച്ചാണു വിഗുകൾ നിർമിച്ചത്.



ഇതുവരെ ആവശ്യപ്പെട്ട എല്ലാ കാൻസർരോഗികൾക്കും സൗജന്യമായി വിഗ്ഗുകൾ നൽകാൻ കഴിഞ്ഞതായി അമല ജോയിൻറ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി പറഞ്ഞു. അമല ആശുപത്രിയിൽ മാത്രമല്ല, മറ്റ് ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കും അമല ആശുപത്രിയിലെ പാലിയേറ്റീവ് വിഭാഗത്തിൽനിന്ന് വിഗ്ഗുകൾ സൗജന്യമായി നൽകുന്നുണ്ട്.

ഇന്നലെയും 72 പേർക്കു വിഗ്ഗുകൾ വിതരണംചെയ്തതിൻറെ ഉദ്ഘാടനം ദേവമാത പ്രൊവിൻഷ്യൽ റവ. ഡോ. ജോസ് നന്തിക്കര ഉദ്ഘാടനം ചെയ്തു.

സ്തനാർബുദം ബാധിച്ച 30 രോഗികൾക്കു നിറ്റഡ് നോകേഴ്സ് സൗജന്യമായി നൽകി. കേരളത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 250 പേർ പങ്കെടുത്തു. കേശദാനം സ്നേഹദാനം ക്യാമ്പുകൾ സംഘടിപ്പിച്ച 30 സ്ഥാപനങ്ങളെയും മുടി മുറിച്ചുനൽകിയ 35 പേരെയും മെമൻറോയും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.

അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, ജോയിൻറ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി, പാലിയേറ്റീവ് വിഭാഗത്തിലെ ഡോ. സുജോ വർഗീസ്, കേശദാനം കോ ഓർഡിനേറ്റർ പി.കെ. സെബാസ്റ്റ്യൻ, ഹെയർ ഡോണർമാരായ ടി.കെ. പ്രശാൽ, ഇസ മരിയ ലിംഗ്സൺ, കൗൺസലിംഗ് വിഭാഗത്തിലെ ഹെന്ന എന്നിവർ പ്രസംഗിച്ചു.

# പക്ഷിസർവേ: മൂന്നാറിൽ പുതിയ 11 ഇനം പക്ഷികൾ

**മൂന്നാർ:** മൂന്നാർ വന്യജീവിസങ്കേതത്തിൽ നടത്തിയ സർവേയിൽ പുതിയ 11 ഇനം പക്ഷികളെയും എട്ടിനം ചിത്രശലഭങ്ങളെയും അഞ്ചിനം തുമ്പികളെയും കണ്ടെത്തി. ഇതോടെ മേഖലയിൽ ആകെ 258 വിഭാഗത്തിൽപെട്ട പക്ഷികളും 246 ഇനത്തിൽപെട്ട ചിത്രശലഭങ്ങളും 58 ഇനത്തിൽപെട്ട തുമ്പികളും ഉള്ളതായി കണ്ടെത്തി. വന്യജീവി വകുപ്പ്, ട്രാവൻകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ 78 പേരാണു നാലുദിവസം സർവേ നടത്തിയത്.

മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ കെ.വി.ഹരികൃഷ്ണൻ, അസി. വൈൽഡ് ലൈഫ് വാർഡൻമാരായ നിതിൻലാൽ, കെ.കെ.അനന്തപത്മനാഭൻ, പി.രാജശേഖരൻ, ട്രാവൻകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റി റിസർച് അസോഷ്യേറ്റ് ഡോ. കലേഷ് സദാശിവൻ എന്നിവർ നേതൃത്വം കൊടുത്തു.

## സീബ്രാലൈനിൽ കൂടി റോഡ് മുറിച്ചുകടക്കാൻ ട്രാഫിക് പൊലീസ് സഹായം നൽകണം: മനുഷ്യാവകാശ കമ്മിഷൻ

**കൊച്ചി:** ആലുവ പറവൂർ കവലയിലെ സീബ്രാലൈനിൽ കൂടി ജനങ്ങൾക്ക് റോഡ് മുറിച്ചുകടക്കാൻ ട്രാഫിക് പൊലീസ് സഹായം നൽകണമെന്ന് മനുഷ്യാവകാശ കമ്മിഷൻ ചെയർപഴ്സൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിൽ ഉദ്യോഗസ്ഥർ കുറവാണെങ്കിൽ ഹോം ഗാർഡുമാരെ നിയോഗിച്ച് റോഡ് മുറിച്ചുകടക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കണം. ഭയരഹിതമായ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കേണ്ടത് അത്യാവശ്യമായതിനാൽ റൂറൽ ജില്ലാ പൊലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ആവശ്യമായ നിർദേശം നൽകണം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ആറാഴ്ചയ്ക്കുള്ളിൽ എറണാകുളം റൂറൽ ജില്ലാ പൊലീസ് മേധാവി കമ്മിഷനിൽ സമർപ്പിക്കണം.

നടക്കാൻ ബുദ്ധിമുട്ടുള്ള ഭിന്നശേഷിക്കാരൻ സീബ്രാ ക്രോസിങ്ങിൽ വാഹനങ്ങൾ കയറ്റി നിർത്തുന്നതിനെതിരെ സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്. ആലുവ പറവൂർ കവലയിലെ സീബ്രാലൈനിലൂടെ റോഡ് മുറിച്ചുകടക്കാൻ പ്രയാസമാണെന്നും ഇതു മാറ്റിസ്ഥാപിക്കാൻ ദേശീയപാതാ അതോറിറ്റിയുടെ പാലക്കാട് യൂണിറ്റിന് കത്ത് നൽകിയിട്ടുണ്ടെന്നും റൂറൽ ജില്ലാ പൊലീസ് മേധാവി കമ്മിഷനെ അറിയിച്ചു. എന്നാൽ ഗതാഗത നിയമങ്ങൾ പരിപാലിക്കേണ്ട ചുമതല ട്രാഫിക് പൊലീസിനാണെന്നും സീബ്രാലൈൻ മാറ്റിസ്ഥാപിക്കില്ലെന്നും ദേശീയപാതാ അതോറിറ്റി കമ്മിഷനെ അറിയിച്ചു. ട്രാഫിക് ഏജൻസികൾക്ക് നിയമലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ട ബാധ്യതയുണ്ടെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിൽ പറഞ്ഞു. ബെന്നി വിശ്വം സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

## മലബാർ മെഡിക്കൽ ടൂറിസം കോൺക്ലേവ് സംഘടിപ്പിച്ചു

**കോഴിക്കോട്:** ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, മലബാർ ചേംബർ ഓഫ് കൊമേഴ്സ്, കേരള മെഡിക്കൽ ടൂറിസം ഫെസിലിറ്റേറ്റേഴ്സ് ഫോറം (കെഎംടിഎഫ്എഫ്) എന്നിവയുമായി സഹകരിച്ച് മലബാർ മെഡിക്കൽ ടൂറിസം കോൺക്ലേവ് സംഘടിപ്പിച്ചു. മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യാതിഥിയായിരുന്നു.

ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ലിമിറ്റഡിൻറെ ഗ്രൂപ്പ് സിഇഒ ഹരീഷ് മണിയൻ, മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡൻറ് നിത്യാനന്ദ് കാമത്ത്, കെഎംടിഎഫ്എഫ് പ്രസിഡൻറ് ഡോ. അബൂബക്കർ, സെക്രട്ടറി നൗഫൽ ചാക്കേരി,കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ സിഇഒ ഡോ.അനന്ത് മോഹൻ, മൈ കെയർ സിഇഒ സെനു എന്നിവർ പ്രസംഗിച്ചു.

## ക്ഷീരകർഷകർ കുറയുന്നു; പാൽ ഉത്പാദനം ഇടിയുന്നു

**കോഴിക്കോട്:** ജില്ലയിൽ ക്ഷീരകർഷകർ കുറയുന്നു. ചെലവു കൂടുതലും രോഗബാധയും കാരണം പശു വളർത്തൽ ലാഭകരമല്ലാത്തതിനാലാണ് കർഷകർ ഈ രംഗം വിടുന്നത്. യുവതലമുറ ക്ഷീര രംഗത്തേക്കു വരാത്തതും തിരിച്ചടിയായി. പാൽ ഉത്പാദനത്തിൽ ജില്ലയിൽ വൻ ഇടിവുണ്ടായിട്ടുണ്ട്. 98000 ലിറ്റർ പാലാണ് ദിനംപ്രതി ക്ഷീര സംഘങ്ങളിൽ എത്തുന്നത്.

നാട്ടിൻപ്രദേശത്തെ കർഷകർ വീടിനടുത്ത് വില്പന നടത്തിയശേഷം ബാക്കിയുള്ള പാലാണ് സംഘങ്ങളിൽ എത്തിക്കുന്നത്.കോഴിക്കോട്ട് 25,183 ക്ഷീരകർഷകരാണുള്ളത്. 2011ലാണ് അവസാനമായി കന്നുകാലി സെൻസസ് നടന്നത്. അതുപ്രകാരം 98,163 കന്നുകാലികളുണ്ട്. ഇപ്പോൾ സെൻസസ് നടക്കുന്നുണ്ട്. അതുകഴിഞ്ഞാൽ മാത്രമേ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

## ഗ്രാമീണ റോഡുകൾ: 4.05 കോടി അനുവദിച്ചു

**കൽപ്പറ്റ:** നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡ് വികസനത്തിനു സംസ്ഥാന സർക്കാർ 4.05 കോടി രൂപ അനുവദിച്ചതായി ടി. സിദ്ദിഖ് എംഎൽഎ അറിയിച്ചു. കോട്ടത്തറ പഞ്ചായത്തിലെ കന്പളക്കാട്‌വെണ്ണിയോട്, മൈലാടിജൂബിലി, പിഎച്ച്സികല്ലുമൊട്ടംകുന്ന്, കരിങ്കുറ്റികളരിപ്പൊയിൽ, കണിയാന്പറ്റ പഞ്ചായത്തിലെ തൃണിയാന്പറ്റകുട്ടിയമ്പലം, മൃഗാശുപത്രികൊല്ലിവയൽ, ആയുർവേദ ജംഗ്ഷൻപാടിക്കുന്ന്, മേപ്പാടി പഞ്ചായത്തിലെ നെടുമ്പാലപള്ളിക്കവല, പടിഞ്ഞാറത്തറ പ തുടങ്ങിയ റോഡുകൾ മെച്ചപ്പെടുത്തുന്നതിനാണ് തുക അനുവദിച്ചത്.



# പുതിയ വാഹനങ്ങളുമായി ഐഷർ

**കൊച്ചി:** ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025ൽ ഐഷർ ചെറുകിട വാണിജ്യ വാഹനമായ ഐഷർ പ്രോ എക്സ് റേഞ്ച് പുറത്തിറക്കി. ഏറ്റവും വലിയ കാർഗോ ലോഡിംഗ് സ്പേസ് ഉൾപ്പെടെ നിരവധി സവിശേഷതകളുമായാണ് ഐഷർ പ്രോ എക്സ് റേഞ്ച് വരുന്നതെന്ന് വിഇ കൊമേഴ്സ്യൽ വെഹിക്കിൾസിന്റെ ചീഫ് കൊമേഴ്സ്യൽ ഓഫീസർ എസ്എസ് ഗിൽ പറഞ്ഞു.മികച്ച ഇൻക്ലാസ് എനർജി എഫിഷ്യൻസി, ഡ്രൈവർ കേന്ദ്രീകൃത ഫീച്ചറുകൾ, വിതരണത്തിനായി നിർമ്മിച്ചത്, സമാനതകളില്ലാത്ത പ്രവർത്തന സമയം തുടങ്ങിയവ ഈ വാഹനത്തിന്റെ മേന്മകളാണ്.ഐഷർ പ്രോ എക്സ് റേഞ്ച് പ്രമുഖ ലോജിസ്റ്റിക്സ് പങ്കാളികളുമായും ഡ്രൈവർമാരുമായും സഹകരിച്ച് സൃഷ്ടിച്ചതാണ്. കൂടാതെ ഇകൊമേഴ്സ്, എഫ്എംസിജി, പാഴ്സൽ ആൻഡ് കൊറിയർ, കോൾഡ് ചെയിൻ ലോജിസ്റ്റിക്സ് തുടങ്ങിയവയുടെ ചലനാത്മക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൂക്ഷ്മമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണിതെന്നും എസ്എസ് ഗിൽ പറഞ്ഞു.

# ആമസോൺ ഫ്യൂച്ചർ എൻജിനീയർ പ്രോഗ്രാം: മൂന്ന് ദശലക്ഷം വിദ്യാർഥികൾക്ക് പരിശീലനം നൽകി

**കൊച്ചി:** എട്ട് ഇന്ത്യൻ സംസ്ഥാനങ്ങളിലെ 272 ജില്ലകളിലായി സർക്കാർ സ്കൂളുകളിലെ മൂന്ന് ദശലക്ഷം വിദ്യാർഥികൾക്കും 20,000 അധ്യാപകർക്കും ആമസോൺ ഫ്യൂച്ചർ എൻജിനീയർ പ്രോഗ്രാമിലൂടെ പരിശീലനം നൽകിയതായി ഡൽഹിയിൽ സംഘടിപ്പിച്ച 'കരിയേഴ്സ് ഓഫ് ഫ്യൂച്ചർ ഉച്ചകോടി'യുടെ അരങ്ങേറ്റ പതിപ്പിൽ ആമസോൺ പ്രഖ്യാപിച്ചു.

സാങ്കേതിക രംഗത്തെ ലിംഗ വ്യത്യാസം നികത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പ്രോഗ്രാം പ്രാഥമികമായി ടയർ ടു നഗരങ്ങളിൽ താമസിക്കുന്ന 6നും അതിനു മുകളിലുമുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ ലക്ഷ്യമിടുന്നു, അവർക്ക് ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നഡ, ഒറിയ, മറാത്തി തുടങ്ങിയ ഏഴ് ഇന്ത്യൻ ഭാഷകളിൽ ആകർഷകമായ ബഹുഭാഷാ പഠന സാമഗ്രികൾ നൽകുന്നു. ഏറ്റവും പുതിയ കംപ്യൂട്ടർ സയൻസ് മൊഡ്യൂളുകൾ ഉപയോഗിക്കുന്ന പ്രോഗ്രാം, പ്രോജക്റ്റ് അടിസ്ഥാനമാക്കിയുള്ള പഠനത്തിലൂടെ അടിസ്ഥാന എഐ ആശയങ്ങൾ, കോഡിംഗ് തത്വങ്ങൾ, സാങ്കേതികവിദ്യയുടെ പരിവർത്തന ശക്തി എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്തിയെടുക്കുന്നതിനൊപ്പം സങ്കീർണമായ ആപ്ലിക്കേഷനുകൾ വികസിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രോഗ്രാമിലൂടെ പ്രാപ്തരാക്കുന്നു.

വിദ്യാർഥിനികളെ ശാക്തീകരിക്കുന്നതിനായി കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദ തലത്തിൽ പഠിക്കുന്ന 500 വിദ്യാർഥിനികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ നാലു വർഷത്തേക്ക് രണ്ടു ലക്ഷം രൂപയോളം സ്കോളർഷിപ്പും ആമസോൺ നൽകുന്നു. സാമ്പത്തിക സഹായത്തിലുപരി സമഗ്ര പിന്തുണ നൽകി ടെക്ക് വ്യവസായത്തിലെ ലിംഗ ഭേദം നികത്താനാണ് ഈ സംരംഭമെന്ന് ആമസോൺ ഇന്ത്യ കൺട്രി മാനേജർ സമീർ കുമാർ പറഞ്ഞു.

# വെരിറ്റാസ് ഫിനാൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** റീട്ടെയ്ൽ മേഖലയിൽ ശ്രദ്ധയൂന്നി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (എംഎസ്എംഇ)ങ്ങൾക്കും, സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്ന വ്യക്തികൾക്കും ചെറുകിട ബിസിനസ് വായ്പകൾ, ഭവന വായ്പ, ഉപയോഗിച്ച വാണിജ്യ വാഹനങ്ങൾക്കുള്ള വായ്പകൾ എന്നിവ ലഭ്യമാക്കുന്ന എൻബിഎഫ്സിയായ വെരിറ്റാസ് ഫിനാൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 2,200 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# വിദ്യാഭ്യാസ മികവ്: പദ്ധതിയുമായി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് (മുത്തൂറ്റ് യെല്ലോ) അഞ്ച് സംസ്ഥാനങ്ങളിലെ സർക്കാർ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പുത്തൻ പദ്ധതിക്ക് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി 2024, 2025 അധ്യയന വർഷം കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക എന്നിവിടങ്ങളിലെ 150 സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി കിറ്റുകൾ വിതരണം ചെയ്തു.ശാക്തീകരണത്തിനും പുരോഗതിക്കുമുള്ള ശക്തമായ ഉപാധിയാണ് വിദ്യാഭ്യാസമെന്നും തങ്ങൾ സേവനം ചെയ്യുന്നയിടങ്ങളിൽ സമഗ്രമായ വികസനത്തിന് സംഭാവന നൽകുന്നതിലാണ് വിശ്വസിക്കുന്നതെന്നും മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വായനയിലൂടെയും മറ്റ് പഠനോപകരണങ്ങളിലൂടെയും കുട്ടികളെ വിശാലമായ ലോകത്തേക്ക് കൈപിടിച്ചുയർത്താനുമുള്ള ചുവടുവെയ്പ്പാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശോഭനമായ ഭാവിയുടെ അടിത്തറയാണ് വിദ്യാഭ്യാസമെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.ഇ. മത്തായി പറഞ്ഞു.

# ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയ്ക്ക് ഇന്ന് തുടക്കം

**കൊച്ചി:** ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായി വളർന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ ഏഴാമത് പതിപ്പിന് ഇന്ന് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ തുടക്കമാകും. ഉച്ചയക്ക് 1230ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് കേരളാ റീജിയൻ ഡിഐജി എൻ രവി, നാഷനൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സോണൽ മാനേജർ ചെന്നൈ എം ശ്രീവത്സൻ, ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യാ ഡയറക്ടർ എ സെൽവകുമാർ, കൊച്ചിൻ ഷിപ്പ് യാർഡ് ജിഎം മെറ്റീരിയൽസ് ശിവകുമാർ എ, ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാനും സിഇഒയുമായ സോഹൻ റോയ് കേരളാ ട്രാവൽ മാർട്ട് പ്രസിഡന്റ് ജോസ് പ്രദീപ്, തുടങ്ങിയവർ ചേർന്ന് ഉദ്ഘാടനം ചെയ്യും.റിക്രിയേഷനൽ, ലീഷർ ബോട്ടിംഗ് വിപണിയിൽ നിന്നുള്ള സ്പീഡ്ബോട്ടുകൾ, മറൈൻ എൻജിനുകൾ, നാവിഗേഷനൽ സിസ്റ്റങ്ങൾ, ബോട്ടുകൾ, മറൈൻ ഉപകരണങ്ങൾ, സേവനദാതാക്കൾ തുടങ്ങി വിവിധ വ്യവസായ മേഖലകളിൽ നിന്നുള്ള 55ലേറെ സ്ഥാപനങ്ങളാണ് ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്നത്. മൂന്നു ദിവസമായി നടക്കുന്ന പ്രദർശനത്തിന് 4000ത്തിലേറെ ബിസിനസ് സന്ദർശകരെയാണ് പ്രതീക്ഷിക്കുന്നതെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. രാവിലെ 11 മുതൽ വൈകീട്ട് 7 വരെയാണ് സന്ദർശന സമയം.



# എവിയേറ്റർ, സൂപ്പർ കാർഗോ മോഡലുകൾ പുറത്തിറക്കി മോൺട്ര




**കൊച്ചി:** മോൺട്ര ഇലക്ട്രിക് പുതിയ കാർഗോ വാഹന ശ്രേണി പുറത്തിറക്കി. ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025ൽ നടന്ന ചടങ്ങിലാണ് എവിയേറ്റർ (ഇ എസ്സിവി), സൂപ്പർ കാർഗോ (ഇ 3വീലർ) എന്നീ മോഡലുകൾ പുറത്തിറക്കിയത്.മോൺട്ര ഇലക്ട്രിക് ചെയർമാൻ അരുൺ മുരുഗപ്പൻ, വൈസ് ചെയർമാൻ വെള്ളയൻ സുബ്ബയ്യ, മാനേജിങ് ഡയറക്ടർ ജലജ് ഗുപ്ത എന്നിവർക്കൊപ്പം ത്രീവീലേഴ്സ് ബിസിനസ് ഹെഡ് റോയ് കുര്യൻ, സ്മോൾ കൊമേഴ്സ്യൽ വെഹിക്കിൾസ് സിഇഒ സാജു നായർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ഇൻഡ്രസ്ട്രിയിലെ ഏറ്റവും ഉയർന്ന 245 കി.മീ സർട്ടിഫൈഡ് റേഞ്ചും, 170 കി.മീ റിയൽ ലൈഫ് റേഞ്ചുമായാണ് എവിയേറ്റർ (ഇഎസ്സിവി) വരുന്നതെന്ന് മോൺട്ര ഇലക്ട്രിക് (ടിഐ ക്ലീൻ മൊബിലിറ്റി) മാനേജിങ് ഡയറക്ടർ ജലജ് ഗുപ്ത പറഞ്ഞു.3.5 ടൺ ആണ് ഭാരം. 80 കിലോവാട്ട് പവറും, 300 എൻഎം ടോർക്കുമുണ്ട്. 7 വർഷം അല്ലെങ്കിൽ 2.5 ലക്ഷം കിലോമീറ്റർ വരെ വാറൻറിയോടെ വരുന്ന ഈ മോഡലിന് 15.99 ലക്ഷം രൂപയാണ് ഡൽഹി എക്സ്ഷോറൂം പ്രാരംഭ വില.ഈ വിഭാഗത്തിലെ ഏറ്റവും മികച്ച സർട്ടിഫൈഡ് റേഞ്ചും (200+ കി.മീ), 150 കിലോമീറ്റർ റിയൽ ലൈഫ് റേഞ്ചും സൂപ്പർ കാർഗോ ഇത്രീവീലർ നൽകുന്നു. 1.2 ടൺ ഭാരമുള്ള വാഹനം 3 കാർഗോ ബോഡി വകഭേദങ്ങളിലും, 15 മിനിറ്റ് ഫുൾ ചാർജ് ഓപ്ഷനിലും ലഭ്യമാണ്. 4.37 ലക്ഷം രൂപയാണ് ഡൽഹി എക്സ്ഷോറൂം പ്രാരംഭ വില.നൂതനവും സുസ്ഥിരവുമായ ക്ലീൻ മൊബിലിറ്റി സൊല്യൂഷനുകൾ ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന് മോൺട്ര ഇലക്ട്രിക് (ടിഐ ക്ലീൻ മൊബിലിറ്റി) ചെയർമാൻ അരുൺ മുരുഗപ്പൻ പറഞ്ഞു.എവിയേറ്റർ ഇന്ത്യയിലെ ആദ്യത്തെ ട്രൂഇവി ആണെന്ന് മോൺട്ര ഇലക്ട്രിക് (ടിഐ ക്ലീൻ മൊബിലിറ്റി) മാനേജിങ് ഡയറക്ടർ ജലജ് ഗുപ്ത പറഞ്ഞു.

# ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സിന് 940 കോടി രൂപയുടെ നേട്ടം

**കൊച്ചി;** ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സ് കൊട്ടക്ക് ഓൾട്ടിൽ നിന്ന് 940 കോടി രൂപയുടെ നേട്ടം കൈവരിച്ചു. 250 നഗരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സിന്റെ ഭാഗമായി ക്ലിനിക്കൽ പാത്തോളജിസ്റ്റുകൾ, ഓങ്കോപാത്തോളജിസ്റ്റുകൾ, ബയോകെമിസ്റ്റുകൾ എന്നിവരടങ്ങുന്ന വിദഗ്ദ്ധരായ ടീം പ്രവർത്തിക്കുന്നു.

കൊട്ടക് ആൾട്ടിൽ നിന്ന് ഒരു നിക്ഷേപം നേടിയതായി പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ന്യൂബെർഗ് ഡയഗ്നോസ്റ്റിക്സ് സ്ഥാപകനും എംഡിയുമായ ഡോ.ജിഎസ്കെ വേലു പറഞ്ഞു. ഇന്ത്യൻ വംശജരുടെ ഏറ്റവും വലിയ ഡയഗ്നോസ്റ്റിക് ശൃംഖലകളിലൊന്നായി മാറാനുള്ള ഞങ്ങളുടെ യാത്രയിലെ സുപ്രധാന നാഴികക്കല്ലായ ഈ ധനസഹായം വ്യക്തിഗത മെഡിസിൻ മേഖലകളിലെ കഴിവുകൾ വർധിപ്പിക്കാൻ തങ്ങളെ പ്രാപ്തരാക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഇ പി മധുസൂദനൻ ചെയർമാൻ



**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ ദക്ഷിണേന്ത്യൻ റീജണൽ കൗൺസിൽ ചെയർമാനായി മധുസൂദനൻ ഇ പിയെ തെരഞ്ഞെടുത്തു.കൊച്ചി തിരുനെട്ടൂർ സ്വദേശിയായ മധുസൂദനൻ 2020ൽ ഐസിഎസ്ഐയുടെ കൊച്ചി ചാപ്റ്റർ ചെയർമാനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

# മിനി ജോബ് ഡ്രൈവ് 25 ന്

**മാവേലിക്കര:** ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മിനി ജോബ് ഡ്രൈവ് ജനുവരി 25 ന് മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നടക്കും. സ്വകാര്യ സ്ഥാപനങ്ങളിലെ നൂറ്റി ഇരുപതോളം ഒഴിവുകളിലേക്കാണ് അവസരം. എസ്എസ്എൽസി, പ്ലസ്ടു, ഡിഗ്രി, ഡിപ്ലോമ എന്നീ യോഗ്യതയുള്ള 18 നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. രാവിലെ 10 ന് റിപ്പോർട്ട് ചെയ്യണം. ഫോൺ: 04792344301, 9526065246.




# ജാവേദ് ഹബീബ് അക്കാദമി കേരളത്തിലേക്ക്

**കൊച്ചി:** തലമുടിയും, മുടിയുടെ അണിയിച്ചൊരുക്കലും ഒരു കല മാത്രമല്ല, വളരെ വിശാലവും, വിശദവുമായ ഒരു ശാസ്ത്രം കൂടിയാണെന്ന് ഇന്ത്യയിലെ പ്രമുഖ ഹെയർ സലൂൺ ഇൻഡസ്ടറി സെപ്ഷ്യലിസ്റ്റായ ജാവേദ് ഹബീബ് അഭിപ്രായപ്പെട്ടു.

ക്ലാമി ന്യൂയോർക്കിന്റെ സഹകരണത്തോടെ അങ്കമാലി അഡ്‌ലുസ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ഹെയർ സ്പെഷ്യലിസ്റ്റുകളുടെ വർക്ഷോപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ക്ളാമി ന്യൂയോർക് എന്ന പേരിൽ ഹെയർ സലൂണുകൾക്കാവശ്യമായ 107 ൽപ്പരം ഉത്പന്നങ്ങൾ നിർമ്മിച്ച് ഇന്ത്യയിലകമാനം വിതരണം ചെയ്തുവരുന്നു.

ഐ ഐ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫേസ് ടെസ്റ്റിംഗ് നടത്തി ഓരോ വ്യക്തികളുടെയും മുഖത്തിനനുയോജ്യമായ ഉത്പന്നങ്ങൾ തിരഞ്ഞെടുക്കാൻ ക്ലാമി ന്യൂയോർക് ഇപ്പോൾ ഒരു സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ക്ലാമി ന്യൂയോർക് ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കളായ ക്ലാമി കോസ്മെറ്റിക് ഇന്ത്യയുടെ മാനേജിങ് ഡയറക്ടർ അനീഷ് കെ. ജോയ് ക്ളാമിന്യൂയോർക് ഉൽപ്പന്നങ്ങൾ 3 വർഷത്തിലധികമായി നിർമ്മിച്ച് വിതരണം ചെയ്യുവരുന്നു.ക്ലാമി ന്യൂയോർക് ഉൽപ്പന്നങ്ങളുടെ വിപണി മൂല്യം 1000 കോടിയിലെത്തിക്കുക എന്നതാണ് തന്റെ ലക്ഷ്യം എന്ന് അനീഷ് ഗ ജോയ് അറിയിച്ചു.നാനൊലക്സ് എന്ന പേരിൽ ഒരു പുതിയ ഉത്പന്നം ഇന്ത്യയിലാദ്യമായി ഈ ചടങ്ങിൽ വച്ച് ജാവേദ് ഹബീബ് പുറത്തിറക്കി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com